## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 250** **27-06-2022 - ൽ മറുപടിയ്ക്ക്**

## കോവിഡ് രോഗനിർണ്ണയവും വാക്സിനേഷനും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | "ഏവരേയും വാക്സിനെടുപ്പിച്ച് സുരക്ഷിതരാക്കുക" എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് നടത്തിവരുന്ന കോവിഡ് വാക്സിനേഷൻ യജ്ഞത്തിലൂടെ നാളിതുവരെ നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ; ഇതിന്റെ പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെയായി എന്നും അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വാക്സിനേഷൻ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. ആദ്യ രണ്ട് ഡോസ് വാക്സിൻ സ്വീകരിച്ച് 9 മാസം കഴിഞ്ഞ 60 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് സർക്കാർ വാക്സിനേഷൻ സെന്ററുകൾ വഴിയും 18-59 വയസ്സ് പ്രായമുള്ളവർക്ക് സ്വകാര്യ കോവിഡ് വാക്സിനേഷൻ സെന്ററുകൾ വഴിയും മുൻകരുതൽ ഡോസ് വാക്സിൻ നൽകി വരുന്നുണ്ട്. കൂടാതെ, കുട്ടികളുടെ വാക്സിനേഷനും 60 വയസ്സിനു മുകളിൽ പ്രായമുള്ളവരുടെ മുൻകരുതൽ ഡോസ് വാക്സിനേഷനും വേണ്ടി പ്രത്യേകം ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയും 60 വയസ്സിനു മുകളിൽ പ്രായമുള്ള പാലിയേറ്റീവ് കെയർ രോഗികൾ, കിടപ്പ് രോഗികൾ, വയോജന മന്ദിരങ്ങളിൽ ഉള്ളവർ എന്നിവർക്ക് മുൻകരുതൽ ഡോസ് വാക്സിൻ വീട്ടിൽ എത്തിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മുൻകരുതൽ ഡോസ് വാക്സിൻ നൽകുന്നതിനായി ജൂൺ 16 മുതൽ 6 ദിവസങ്ങളിൽ പ്രത്യേക യജ്ഞം സംഘടിപ്പിക്കുകയും ചെയ്തിരുന്നു. സംസ്ഥാനത്ത് 21/06/2022 വരെ വാക്സിൻ ലഭ്യമാക്കിയതിന്റെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | കോവിഡ് രോഗനിർണ്ണയത്തിന് ആരോഗ്യവകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പുതിയ നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ദേശീയശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ രോഗനിർണ്ണയത്തിൽ കേരളത്തിന്റെ ശരാശരി എത്രയെന്ന് വ്യക്തമാക്കാമോ? | (ബി) | കോവിഡ് പരിശോധനയുമായി ബന്ധപ്പെട്ട ഐ.സി.എം.ആർ- ന്റെയും കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെയും 2022 ജനുവരി 10-ലെ മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ആരോഗ്യ വകുപ്പും പ്രസ്തുത മാനദണ്ഡങ്ങൾ നടപ്പിൽ വരുത്താൻ വേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം രോഗലക്ഷണമുള്ളവരെയും രോഗം സ്ഥിരീകരിക്കപ്പെട്ടവരുടെ സമ്പർക്കത്തിലുള്ള പ്രമേഹം, ഹൈപ്പർടെൻഷൻ, കിഡ്നി |

| | | | |
|---|---|---|---|
| | | | രോഗങ്ങളുള്ളവരെയും യാത്രാ സംബന്ധമായി പരിശോധന നടത്തുന്നവരെയുമാണ് സമൂഹത്തിൽ നിന്നും പരിശോധനയിൽ ഉൾപ്പെടുത്തേണ്ടത്. ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തുന്ന രോഗികളിൽ ആവശ്യ ഘട്ടങ്ങളിൽ മാത്രം കോവിഡ് പരിശോധന നടത്തിയാൽ മതിയാകും. RTPCR, Rapid Antigen Test, CBNAAT, Truenat, Point of care PCR Test, RT Lamp എന്നീ പരിശോധനകളാണ് കേരളത്തിൽ കോവിഡ് രോഗ നിർണ്ണയത്തിന് അനുവർത്തിച്ചു പോരുന്നത്.<br><br>ഇതു കൂടാതെ കോവിഡ് ക്ലസ്റ്ററുകൾ കേന്ദ്രീകരിച്ചും പരിശോധനകൾ ഊർജ്ജിതമാക്കാൻ ആരോഗ്യവകുപ്പ് പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ ജില്ലകൾക്ക് നൽകിയിട്ടുണ്ട്.<br><br>കേരളത്തിൽ ഐ.സി.എം.ആർ.-ന്റെ നിർദ്ദേശാനുസരണം 10.01.2022 മുതൽ പർപ്പസ്സീവ് ടെസ്റ്റിംഗ് എന്ന സ്ട്രാറ്റജിയാണ് നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| State Summary Category Wise as on 21.06.2022 at 12 AM | | | | | | |
|---|---|---|---|---|---|---|
| **മുൻഗണനാക്രമം** | **ആദ്യ ഡോസ്** | | **രണ്ടാം ഡോസ്** | | **മുൻകരുതൽ ഡോസ്** | |
| ആരോഗ്യ പ്രവർത്തകർ | 5,55,796 | 100% | 5,10,542 | 92% | 2,34,717 | 49% |
| മുന്നണിപ്പോരാളികൾ | 5,71,909 | 100% | 5,36,761 | 94% | 1,72,484 | 34% |
| ≥ 60 വർഷം | 59,64,709 | 101% | 54,51,262 | 92% | 14,37,477 | 38% |
| 45-59 വർഷം | 69,42,582 | 96% | 62,90,423 | 87% | 64,979 | 2% |
| 18-44 വർഷം | 1,29,43,908 | 96% | 1,08,53,280 | 81% | 40,296 | 2% |
| Total (18+) | 2,69,78,904 | 101% | 2,36,42,268 | 89% | 19,49,953 | 20% |
| 15-17 years | 12,87,660 | 84% | 8,69,774 | 57% | | |
| 12-14 years | 6,41,320 | 63% | 2,45,097 | 24% | | |
| Doses Administered | 5,56,14,976 | | | | | |